## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- കോഴിക്കോട് ജില്ലയിലെ കോട്ടത്തറ ഗ്രാമ പഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക് (താല്ക്കാലികം) ശ്രീ ബിനീഷ് കെ പി-യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 1226/2016/തസ്വഭവ തീയതി, തിരുവനന്തപുരം , 08/03/2016

---

പരാമർശം : 1. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.02.2015 ലെ എ 1-1056(1)/15 കെ.ഡിസ് നമ്പർ നടപടിക്രമങ്ങൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 08.01.2016 ലെ ഇ 6- 11473/15 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കോട്ടത്തറ ഗ്രാമ പഞ്ചായത്താഫീസിലെ ശ്രീ ബിനീഷ് കെ പി സീനിയർ ക്ലാർക്കിന്റെ (താല്ക്കാലികം) ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ ബിനീഷ് കെ. പി. 06.07.2004 ന് സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 05.07.2006 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാന് താല്ക്കാലികമായി സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം (stop gap arrangement) നല്കിയിട്ടുണ്ട്. 13.01.2009 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചു. ആയതിനാൽ തൊട്ടടുത്ത ദിവസമായ 14.01.2009 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക്

പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.01.2009 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ കോട്ടത്തറ ഗ്രാമ പഞ്ചായത്താഫീസിലെ സീനിയർ ക്ലാർക്ക്(താല്കാലികം) ശ്രീ ബിനീഷ് കെ പി, എം. ഒ. പി പരീക്ഷ വിജയിച്ച 13.01.2009 ന്റെ തൊട്ടടുത്ത ദിവസമായ 14.01.2009 ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.01.2009 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)
സെക്രട്ടറി, കോട്ടത്തറ ഗ്രാമപഞ്ചായത്താഫീസ്, കോഴിക്കോട്( പഞ്ചായത്ത് ഡയറക്ടർ മുഖന്തിരം)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ